# സ്കൂളിന്റെ ചരിത്രം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് തെക്കുപടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ശ്രീവ രാഹം ശ്രീ പട്ടം താണുപിള്ള മെമ്മോറിയൽ ഗവൺമെന്റ് യു.പി. സ്കൂൾ 1894-ൽ സ്ഥാപിതമായി. എന്നാൽ 500 വർഷങ്ങൾക്കു മുമ്പ് രചിച്ച പുസ്തകങ്ങളിലും ഈ പ്രദേശത്ത് ഒരു വിദ്യാലയം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. 1984-ൽ മാമ്പഴ സ്കൂൾ എന്ന പേരിൽ ആരംഭിച്ച കുടിപള്ളിക്കൂടം പിൽക്കാലത്ത് യു. പി. സ്കൂൾ ആയി വളർന്നത്. ശ്രീവരാഹത്തെ പുരാതന തറവാടുകളിൽ ഒന്നായ മാമ്പഴ കുടുംബമാണ് പ്രസ്തുത വിദ്യാലയത്തിന് സൗജന്യമായി സ്ഥലം നൽകി യത്. ദീർഘകാലം അനന്തപുരിയുടെ ദക്ഷിണഭാഗത്തുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമായിരുന്നു ഇത്. വിവിധ മേഖലകളിൽ ഉന്നതസ്ഥാനങ്ങൾ അലങ്കരി ക്കുവാൻ ഭാഗ്യം സിദ്ധിച്ച നിരവധി ആളുകൾ അറിവിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചതും ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നായിരുന്നു. കൊല്ലവർഷം 1120ലെ പെരുമഴയെതുടർന്ന് സ്കൂൾ കെട്ടിടം തകരുകയും ക്ലാസ് നടത്താൻ കഴിയാത്ത സ്ഥിതി സംജാതമാവുകയും ചെയ്തതോടെ ശ്രീവരാഹം മുക്കോലയ്ക്കൽ ഭഗ വതി ക്ഷേത്രത്തിലെ ഊട്ടുപുരയിലും കണിയംവിളാകത്ത് വീട്ടിലെ പൂമുഖത്തും പുത്തൻവീട്ടിലെ അടിച്ചുകൂട്ടുപുരയിലും ക്ലാസുകൾ നടത്തേണ്ടി വന്നിട്ടുണ്ട്. കെട്ടിടം പുതുക്കിപ്പണിഞ്ഞതോടെ സ്കൂളിന്റെ പ്രവർത്തനം പൂർവ്വാധികം കർമ്മോൻമുഖരായി തീർന്നു. 1970കളിൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. ശ്രീ പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഈ സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നത്. 1981ൽ നാട്ടുകാരുടെയും പി.ടി.എ.യുടെയും അഭ്യർത്ഥന മാനിച്ച് പ്രസ്തുത സ്കൂളിനെ ശ്രീ പട്ടം താണുപിള്ള മെമ്മോറി യൽ ഗവൺമെന്റ് യു.പി.എസ് ആയി സർക്കാർ അംഗീകരിച്ച് നാമകരരണം ചെയ്തു. 2021-22 അധ്യയനവർഷം എസ്.എസ്.കെ ഫണ്ട് ഉപയോഗിച്ച് ഇരു നില കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

# Academic Master Plan UP English

| Objectives | Activities | Duration | Responsible | Finance |
|---|---|---|---|---|
| Provides opportunities to listen and speak proper English | Lend your Earplay<br>Simple English<br>Recordings, Encourage the child to provide appropriate answers to related questions | July | English Teacher | |
| | Missing man between teacher and student.<br>The conversation to recorded and played back to the children. Then the teacher's speech is removed and only the child's speech is played back. The teacher's is given an opportunity to be performed by the children. | June | English Teacher | |
| | Follow me if you can!<br>Provides training to the Children to follow the instructor in English. | June | English Teacher | |
| | English Radio<br>Radio news is played back.<br>This provides an opportunity.<br>to hear the correct pronounciation | June<br>July | English and Club and Members | |
| | Who's turn is today<br>Give the opportunity to communicate in English at everyday | Everyday | English Teacher | |
| To make children interested in English | To make their own mini dictionary | March | English teacher | |
| To enhance pronounciation and confidence to communicate in English | To act Roleplay based on their chapters | Monthly Wise | English Club Members | |
| | Card reading competition | July Club | English | |
| | Talk on topic/conduct a debate | Chapter wise | English Teacher | |
| | Drame theatre (Prepare scripts based on TB and performance-Group level competition) | October | English Club and Teachers | |
| | Documentary/short film based on textile lessons. | January | English Teacher Teachers Club | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കാനായി ചതുഷ്ക്രിയകൾ കളിരിതിയിലൂടെ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിതത്തിലൂടെ കളിക്കാം**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, സംഖ്യാപമ്പരം, പൊട്ട് സ്ട്രിപ്പ്, ഡൈസ് കളി) | ജൂൺ | ഗണിത അധ്യാപിക | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. പാഠഭാഗങ്ങളിലെ വ്യത്യസ്ത രൂപങ്ങളും നിർമ്മിക്കുകയും അവയുടെ ഗണിത സവിശേഷതകളും പട്ടികപ്പെടുത്തുന്നു. നിർമ്മിച്ച രൂപങ്ങളെ വ്യത്യസ്ത രീതിയിൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം ആവശ്യാനുസകൻ രണം | ഗണിത അധ്യാപ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപിക<br><br>ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികൾ | |
| ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ആവശ്യാനു ക്ലബ്ബ് സരണം | ഗണിത<br><br>ഗണിത അധ്യാപിക | |
| ഗണിത പഠനത്തിൽ താല്പര്യം വർദ്ധിക്കുന്നതോടൊപ്പം വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ വ്യത്യസ്ത പരിപാടികളും വിവിധതരം പ്രവർത്തനങ്ങളും സജ്ജമാക്കുന്നു. | ആവശ്യാനു ക്ലബ്ബ് സരണം | ഗണിത<br><br>ഗണിത അധ്യാപിക | |
| ഗണിതം ഏതെ ആസ്വാദ്യകരമാക്കുന്ന ചിത്രങ്ങളിലൂടെ കുട്ടികളെ ഗണിതത്തിലോട്ടും വ്യത്യസ്ത ആശയങ്ങളിലേക്കും എത്തിക്കുന്നു. | **ജ്യാമിതീയ ചിത്ര ശിൽപ്പശാല**<br>വ്യത്യസ്തങ്ങളായ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തിയ ചിത്രങ്ങൾ വരയ്ക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. പ്രവർത്തനങ്ങളിലൂടെ പാഠഭാഗത്തിലെ ആശയങ്ങളെ കുട്ടികളിലേക്ക് എത്തിക്കുന്നു. ചിത്രങ്ങളെ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ ആവശ്യാനു സരണം | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ജ്യാമിതീയ രൂപങ്ങൾ**<br>ടാൻഗ്രാം, കോണുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ICT സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. (Geogebra) | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപിക | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ  ലാബിൽ വെച്ച് തന്നെ ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപിക ഗണിതക്ലബ്ബ് അംഗങ്ങൾ | |
| സ്വയം പഠനത്തിനുള്ള അവസരങ്ങൾ നൽകുന്നു. ഗണിത പഠനം താത്പര്യപൂർവ്വമാക്കൽ | **ഗണിതകിറ്റ്**<br>വ്യത്യസ്ത ആശയങ്ങൾ വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്ന രീതിയിലുള്ള പഠനോപകരണങ്ങൾ സ്വയം നിർമ്മിച്ച് അവയിലൂടെ ആശയങ്ങൾ തിരിച്ചറിയുന്നു. (Fraction disc, Place Value Pocket, Clock etc.) | ആവശ്യാനുസരണം | ഗണിതക്ലബ്ബ് ഗണിത അധ്യാപിക | |
| പാഠഭാഗത്തിന് പുറമേ നിന്ന് ഗണിതം നോക്കി കാണുന്നു. | **ഡിക്ഷണറിയും മാഗസിനും**<br>പാഠഭാഗത്തിൽ നിന്നാരംഭിച്ച് അവയ്ക്ക് പുറത്തേക്ക് കടന്നു ഗണിതവുമായി ബന്ധപ്പെട്ട വിവരങ്ങളെ ശേഖരിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു. | വർഷാവസാനം ഫെബ്രവരി മാർച്ച് | | |

# അടിസ്ഥാനശാസ്ത്രം യു.പി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം, കുട്ടികൾ തന്നെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്ററുടെ നിർമ്മാണവും പരിപാലനവും, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. ഇവയുടെ നിരീക്ഷണക്കുറിപ്പുകളും ശേഖരണവും | ജൂലൈ | ശാസ്ത്രാധ്യാപിക, ഹെൽത്ത് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകളുടെ നിർമ്മാണം, പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കുന്നു. | ജൂൺ മുതൽ<br>ആവശ്യാനുസരണം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ്<br>ഗണിത ക്ലബ്ബ് ഗണിത അധ്യാപിക | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | |
| | **എക്സ്പ്ലോ – എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക, | സയൻസ് ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക | |

| | | | | |
|---|---|---|---|---|
| | **മുഖാമുഖം**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു<br><br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപിക | പി.ടി.എ സയൻസ് ക്ലബ്ബ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായ ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക | |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക് റീബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക | |

# AMP Std. II 2025-26 വിഷയം : മലയാളം

**ലക്ഷ്യം :**

കുട്ടികളിലെ ശേഷികൾ വികസിപ്പിച്ചുകൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത്. രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക.

**മുന്നൊരുക്കം :**

പ്രീടെസ്റ്റ് നടത്തി കുട്ടിയുടെ നിലവിലെ കഴിവുകൾ, പരിമിതികൾ എന്നിവ കണ്ടെത്തുന്നു. CPTA നടത്തി ഇക്കാര്യം രക്ഷകർത്താവിനെ ബോധ്യപ്പെടുത്തുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ♦ ചിത്രങ്ങൾ/കാർഡുകൾ നല്കി ഭാഷണത്തിന് ക്ലാസിൽ അവസരം നൽകുന്നു.<br>♦ കവിതകൾ, കഥകൾ എന്നിവ കേൾപ്പിക്കാൻ ICT സാധ്യത ഉറപ്പാക്കുന്നു.<br>♦ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>♦ ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. | ജൂൺ<br>ജൂലൈ | | |

| | | | |
|---|---|---|---|
| ♦ കഥ, കവിത തയ്യാറാക്കൽ<br>♦ ദിനാചരണ പ്രവർത്തനങ്ങളിൽ ചിത്രങ്ങൾ വരച്ചുകൊണ്ടുള്ള പങ്കാളിത്തം | | | |
| ♦ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കാൻ<br>♦ അക്ഷരങ്ങളോടൊപ്പം ചിഹ്നങ്ങളും ഉറപ്പിക്കുന്നു.<br>♦ വായനാകാർഡുകൾ നല്കി വായനാപരിശീലനം<br>♦ വായിച്ച കഥയിൽ നിന്നും ചിത്രങ്ങൾ/ സംഭാഷണം തയ്യാറാക്കൽ | | | |
| ♦ കേട്ടതോ വായിച്ചതോ ആയ കഥ/സംഭാഷണം<br>♦ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കൽ<br>♦ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം | ഓഗസ്റ്റ്<br>സെപ്തംബർ | | |
| ♦ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>♦ വരികൾ കൂട്ടിച്ചേർത്ത് കവിതാപൂരണം<br>♦ കഥാപൂരണം, ലഘുവിവരണങ്ങൾ എന്നിവ തയ്യാറാക്കി വായിച്ച് അവതരിപ്പിക്കൽ | ഒക്ടോബർ<br>നവംബർ | | |
| ♦ ഭാവം ഉൾക്കൊണ്ട് വായന<br>♦ സ്വതന്ത്രമായി സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>♦ വ്യക്തിഗത രചനകളിൽ ഏർപ്പെടൽ<br>♦ പതിപ്പുകൾ, കൈയ്യെഴുത്ത് മാഗസിൻ എന്നിവ തയ്യാറാക്കൽ | ഫെബ്രുവരി<br>മാർച്ച് | | |

# ഗണിതം

**ലക്ഷ്യം :**

ഗണിതപഠനം രസകരവും ആസ്വാദകരവുമായി കുട്ടിക്ക് അനുഭവവേദ്യമാകണം എന്നതാണ് ലക്ഷ്യം.
രണ്ടാം ക്ലാസിലെ കുട്ടികളിൽ
100 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കുന്നു.
സങ്കലനം-വ്യവകലന ക്രിയാശേഷികൾ ഉറപ്പാക്കുക.
പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പാക്കുക.

**മുന്നൊരുക്കം :**

ഗണിതാശയങ്ങളിൽ കുട്ടി ഇതുവരെ കൈവരിച്ച അറിവുകൾ എത്രയാണെന്നത് പ്രവർത്തനങ്ങൾ നല്കിക്കൊണ്ട് തിരിച്ചറിയുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ♦ 1, 2, 3, 4, .......; 1, 3, 5, 7, ......; 2, 4, 6, ......; 10, 20, 30 .....; 5, 10, 15, ......; തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>♦ ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരച്ചറിവ്<br>♦ എല്ലാ കുട്ടികളിലും ഗണിതകിറ്റ് ഉറപ്പാക്കൽ<br>♦ 1 ന്റെയും 10 ന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്കസംഖ്യ രൂപീകരിക്കൽ | ജൂൺ<br>ജൂലൈ | | |

| | | | |
|---|---|---|---|
| ♦ ഉല്ലാസഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിതപ്രശ്നം പരിഹരിക്കൽ<br>♦ കളിരീതിയിൽ ഗണിതപഠനം ഉറപ്പാക്കൽ<br>♦ കലണ്ടറിലെ ചുവന്ന/കറുത്ത അക്കങ്ങൾ തിരിച്ചറിവ്, മാസത്തിലെ ദിവസങ്ങളുടെ എണ്ണത്തിലെ വ്യത്യാസം കണ്ടെത്തൽ.<br>♦ കലണ്ടറിലെ സംഖ്യകൾ താരതമ്യം ചെയ്യൽ, സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ, പാറ്റേണുകൾ രൂപീകരിക്കൽ<br>♦ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ഫെബ്രുവരി<br>മാർച്ച് | | |

# English

**Aim :**

To speak, read and write English without mistakes.

**Pretest**

Identifies pupil’s skill in identifying letters/listening and reading capability

| Activities | Duration | Responsibility | Finance |
|---|---|---|---|
| ♦ Understands the correct way of writing alphabets.<br>♦ Developing listening skills by action songs, rhymes, Hello English activities etc. (Use of ICT)<br>♦ Understands simple conversations/stories<br>♦ Small picture description<br>♦ Growing sentences<br>♦ Self introduction<br>♦ Answering riddles | June<br>to<br>August | | |
| ♦ Develops speaking skills<br>♦ Develops reading skills<br>♦ Join in assembly activities<br>♦ Reading simple library books<br>♦ Makes word web | September<br>to<br>December | | |

| | | | |
|---|---|---|---|
| ◆ Write picture description<br>◆ Makes word chain/sentence chain<br>◆ Writes simple conversations<br>◆ Add more lines. | | | |
| ◆ Reading library books<br>◆ Reads by comprehensing the topic<br>◆ Makes small riddles<br>◆ Complete stories<br>◆ Develops description<br>◆ Prepare notice<br>◆ Writes diary | January<br>to<br>March | | |

| | | | |
|---|---|---|---|
| ♦ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>♦ സംഖ്യകളുടെ പ്രത്യേകത കണ്ടെത്തൽ:<br>• 99 നോട് 1 കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100<br>• 100 ഒന്നുകൾ ചേർന്നാൽ 100<br>♦ ഗണിതകിറ്റിലെ സാമഗ്രികൾ ഉപയോഗപ്പെടുത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>♦ ഗണിതാശയങ്ങൾ പ്രായോഗിക രീതിയിൽ ഉറപ്പിക്കൽ | ഓഗസ്റ്റ്<br>സെപ്തംബർ | | |
| ♦ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>♦ സങ്കലന-വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>♦ സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>♦ പ്രായോഗിക പ്രശ്ന പരിഹരണത്തിനായി കളിനോട്ടുകൾ പേപ്പറിൽ തയ്യാറാക്കി എഴുതൽ<br>♦ നോട്ടുകളും നാണയങ്ങളും തിരിച്ചറിഞ്ഞ് കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ | ഒക്ടോബർ<br>നവംബർ | | |
| ♦ സംഖ്യാബോധത്തിന്റെ തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ<br>♦ സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ,<br>♦ രണ്ടക്ക സംഖ്യകളുടെ തുക വ്യത്യസ്ത രീതിയിൽ കണ്ടെത്തൽ<br>♦ വിലവിവരപ്പട്ടിക അപഗ്രഥിക്കൽ, തയ്യാറാക്കൽ | ഡിസംബർ<br>ജനുവരി | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **വാർത്തവായന** :<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം** :<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് | പി.ടി.എ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **ഗംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പ്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |